പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.2492

11.10.2011ൽ
മറുപടിക്ക്

## കരകെട്ടി സംരക്ഷിക്കണം

ചോദ്യം
ശ്രീ.പ്രൊഫ.സി.രവീന്ദ്രനാഥ് :

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ മണലിപ്പുഴയുടെ രണ്ട് പ്രദേശങ്ങളായ പുലക്കാട്ടുകരയിൽ പുഴ ഗതിമാറി ഒഴുകി, കര ഇടിയുന്നതും മറുഭാഗമായ മണലി മടവാക്കര റോഡിൽ മണലിപ്പാലത്തിന്റെ താഴെ റോഡ് ഗതാഗതത്തിന് തടസ്സമാകുംവിധം കര ഇടിയുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത സ്ഥലങ്ങളിൽ കരകെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;<br><br>(സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും പ്രസ്തുത പദ്ധതിക്കായി തുക അടിയന്തിരമായി അനുവദിച്ചു കൊണ്ട് പ്രസ്തുത വിഷയം പരിഹരിക്കുമോ ; | (ബി) & (സി)<br><br>മുകുന്ദപുരം താലൂക്കിൽ മണലിപ്പുഴയുടെ തീരത്തുള്ള മണലി മടവാക്കര റോഡിൽ മണലിപ്പാലത്തിന്റെ താഴെ പുഴയുടെ വലതുകര കെട്ടി സംരക്ഷിക്കുന്നതിനുള്ള പദ്ധതിയും ഒപ്പം മണലിപ്പുഴയുടെ തീരം സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട മറ്റ് രണ്ട് പദ്ധതികളും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് നടത്തുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശ സഹിതം തൃശ്ശൂർ ജില്ലാ കളക്ടർ ഭരണാനുമതിയ്ക്കായി സർക്കാരിലേയ്ക്ക് അയച്ചു തന്നിട്ടുണ്ട്. ആയത് സംസ്ഥാന ഉന്നതതല സമിതിയുടെ അടുത്ത യോഗത്തിൽ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ